Kerala Homestay and Tourism Society
Reg No: ER 99/08

Kerala Homestay & Tourism Society

ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി,

**വിഷയം : ഹോംസ്റ്റേകൾക്ക് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയത് സംബന്ധിച്ച്.**

സംസ്ഥാനത്ത് ടൂറിസം മേഖലയിൽ സേവന സന്നദ്ധയോടെ, മാതൃകാപരമായ പ്രവർത്തനം നടത്തുന്ന ഹോംസ്റ്റേകൾക്ക് ധനകാര്യ ബില്ലിലൂടെ ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നത് അങ്ങേയററം നിരാശ ജനകവും ദ്രോഹകരവുമാണ്.

മൂന്നു മുറിയിൽ അധികവും ആയിരം രൂപയിൽ കൂടുതലുമുള്ള ഹോംസ്റ്റേകൾക്ക് അരശതമാനമാണ് നികുതി നിർദ്ദേശം, ഭാവിയിൽ ഇത് വർദ്ധിപ്പിക്കുമെന്ന് ന്യായമായും സംശയിക്കുന്നു.

സംസ്ഥാനത്തെ 341 അംഗീകൃത ഹോംസ്റ്റേകളിൽ പകുതിയിലേറെയും മൂന്നു മുറിയിൽ താഴെയാണ്. ഇവർക്ക് ടൂറിസം സീസണിൽ അടക്കം, പലപ്പോഴും അമ്പത് ദിവസംപോലും പ്രവർത്തനമില്ല. ഒരു ഹോംസ്റ്റേയിൽ നിന്ന് വർഷത്തിൽ 500 മുതൽ 1000 രൂപ വരെയാണ് പുതിയ നികുതി നിർദ്ദേശം വഴി സമാഹരിക്കാൻ കഴിയുക. ഇത് വളരെ തുച്ഛമാണെന്ന കാര്യം അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ.

അന്യ സംസ്ഥാനങ്ങൾ ലക്ഷ്വറി ടാക്സ് കുറച്ചുകൊണ്ട് ടൂറിസം മേഖലയെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കെ കേരളം ഇത്തരമൊരു നികുതി കൊണ്ടു വന്നത് ടൂറിസം മേഖലയ്ക്ക് ഗുണകരമല്ല.

നികുതി സംബന്ധിച്ച സൂചനകൾ വന്ന സന്ദർഭത്തിൽ ഇക്കാര്യങ്ങൾ അങ്ങേയുടെയും, ടൂറിസം മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. നികുതി ഒഴിവാക്കണമെന്ന നിർദ്ദേശം ടൂറിസം വകുപ്പ് മുന്നോട്ട് വച്ചതായും മനസ്സിലാക്കുന്നു. അത് മറികടന്ന് കൊണ്ടാണ് പുതിയ നിർദ്ദേശം.

ഹോംസ്റ്റേകൾക്കുള്ള വൈദ്യുതി ചാർജ്ജ് "ഏഴ് എ" താരിഫിൽ ഉൾപ്പെടുത്തുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നികുതി ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തതിന് പിന്നാലെയാണ് ഈ നികുതി നിർദ്ദേശം. സംസ്ഥാന സർക്കാരിന്റെയോ ടൂറിസം വകുപ്പിന്റെയോ യാതൊരു സഹായവും ഇല്ലാതെയാണ് ഹോംസ്റ്റേകളുടെ പ്രവർത്തനം. സഞ്ചാരികൾക്ക് കുറഞ്ഞ ചിലവിൽ താമസവും അഭ്യസ്ത വിദ്യർക്ക് ഒരു ചെറുവരുമാനവും എന്നതാണ് ഹോംസ്റ്റേകളുടെ സങ്കൽപ്പത്തിന് പിന്നിൽ. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ കേരള ടൂറിസത്തിന്റെ അഭിമാനവുമാണ്. അടുത്ത 5 വർഷം കൊണ്ട് അയ്യായിരം ഹോംസ്റ്റേകൾ എന്ന സർക്കാർ ലക്ഷ്യം ഈ നികുതി നിർദ്ദേശത്തോടെ തകർക്കപ്പെടുകയാണ്.

Chairman - Prof. K V Thomas MLA - 9847077150 | Vice President - Jagadish Kumar - 9846044211
Director - M P Sivadathan - 9349253124 | Technical Expert - Dr. K Muraleedhara Menon - 9387812067

Avittom, 16/239 C, Main Road Tripunithura - 682 301, Ernakulam, Kerala. Email: keralahats@gmail.com

Kerala Homestay and Tourism Society
Reg No: ER 99/08

Kerala Hats
Kerala Homestay & Tourism Society

ബഹുമാനപ്പെട്ട ആഭ്യന്തര - ടൂറിസം വകുപ്പ് മന്ത്രിക്ക് കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി പ്രസിഡന്റ് പ്രൊഫ. കെ.വി തോമസ് എംഎൽഎ സമർപ്പിക്കുന്ന നിവേദനം.

സംസ്ഥാനത്തെ ഹോംസ്റ്റേ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ മുൻപ് അങ്ങേയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഏറ്റവും അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഒരിക്കൽ കൂടി സൂചിപ്പിക്കുന്നു.

1) സാമ്പത്തിക മാന്ദ്യവും, സഞ്ചാരികളുടെ എണ്ണത്തിൽ കുറവും വന്ന സാഹചര്യത്തിൽ ഹോംസ്റ്റേകൾക്കുള്ള ലക്ഷ്വറി ടാക്സ് പിൻവലിക്കുക. അല്ലെങ്കിൽ അഞ്ചു വർഷത്തേക്ക് ടാക്സ് ഹോളിഡേ പ്രഖ്യാപിക്കുക.
2) ആഭ്യന്തര ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനായുള്ള റോഡ് ഷോകളിൽ ഹോംസ്റ്റേ സംരംഭകരെയും സംരംഭകരുടെ കൺസോർഷ്യമായ കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റിയെയും സൗജന്യമായി പങ്കെടുപ്പിക്കുക.
3) ഹോംസ്റ്റേകളെ 7A വൈദ്യുതി താരിഫിൽ നിന്ന് ഒഴിവാക്കുക, അല്ലെങ്കിൽ ക്ലാസിഫിക്കേഷൻ അനുസരിച്ച് നിശ്ചിത തുക ഹോംസ്റ്റേകൾക്ക് ടൂറിസം വകുപ്പ് സബ്സിഡി അനുവദിക്കുക.
4) അനധികൃത ഹോംസ്റ്റേകളുടെ പ്രവർത്തനം പരിപൂർണ്ണമായും നിരോ ധിക്കുക. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അധികൃത ഹോംസ്റ്റേകളെക്കാൾ ഏറെയുള്ളത് അനധികൃത സ്ഥാപനങ്ങളാണ്. ഇതുമൂലം അംഗീകാരമുള്ള സംരംഭകർക്ക് അതിഥികളെ ലഭിക്കുന്നില്ല. ഇപ്പോൾ നൽകിയിട്ടുള്ള ക്ലാസിഫിക്കേഷനുകൾ പുനഃപരിശോധിക്കണം.
5) ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ കമ്മിറ്റികളിലും DTPC കളിലും കേരളാ ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി പ്രതിനിധികളെ ഉൾപ്പെടുത്തുക. ഹോട്ടൽ ഉടമകളെ ക്ലാസിഫിക്കേഷൻ പരിശോധനക്ക് നിയോഗിക്കുന്നത് നിർത്തലാക്കണം.
6) ഹോംസ്റ്റേ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല യോഗം വിളിച്ചു ചേർക്കണം.
7) ഹോംസ്റ്റേ സംരംഭകർക്ക് ജില്ലകളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
8)* 

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ സത്വരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

8* ഹോംസ്റ്റേകളുടെ ഈ സാമ്പത്തിക വർഷത്തെ ക്ലാസിഫിക്കേഷൻ/റിന്യൂവൽ നടപടികൾ ഒരു വർഷം കൂടി നീട്ടണം.

വിശ്വസ്തതയോടെ

പ്രൊഫ. കെ.വി. തോമസ് എം.എൽ.എ
ചെയർമാൻ
കേരള ഹാറ്റ്സ്

27-11-2008

Chairman - Prof. K V Thomas MLA - 9847077150 | Vice President - Jagadish Kumar - 9846044211
Director - M P Sivadathan - 9349253124 | Technical Expert - Dr. K Muraleedhara Menon - 9387812067
Avittom, 16/239 C, Main Road, Tripunithura - 682 301, Ernakulam, Kerala. Email: keralahats@gmail.com